**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **06-10-2025 - ൽ മറുപടിയ്ക്ക്**

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>പാറശാല മണ്ഡലത്തിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും കാലങ്ങളായി പ്രവർത്തനരഹിതവുമായ പെരുങ്കടവിള ഓയിൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട ഫയൽ നമ്പറുകൾ ഉൾപ്പെടെ വ്യക്തമാക്കാമോ;</td><td>(എ)</td><td>പാറശാല മണ്ഡലത്തിലെ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി.(റ്റി) 1, മാരായമുട്ടം (പി.ഒ) എന്ന സൊസൈറ്റിയുടെ ലിക്വിഡേഷൻ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. റ്റി.പി/564/15/ ആർ.ആർ/ സഹകരണം എന്ന ഫയൽ നമ്പർ പ്രകാരം ഖാദീ ബോർഡിൽ നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത സംഘത്തിന്റെ അധീനതയിൽ നിലവിൽ ആകെ എത്ര സെന്റ് ഭൂമിയാണ് ഉള്ളതെന്നും നിലവിൽ അതിന്റെ ഉടമസ്ഥത ആർക്കാണെന്നും വ്യക്തമാക്കാമോ; ഖാദി ബോർഡിന് പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര തുകയാണ് ബാധ്യതയെന്നത് വ്യക്തമാക്കാമോ;</td><td>(ബി)</td><td>പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി. (റ്റി)1, മാരായമുട്ടം (പി.ഒ) എന്ന സംഘത്തിന് 9 (ഒമ്പത്) ആർ വസ്തു ഉണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമ പ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി വായ്പയെടുത്ത വകയിൽ സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുണ്ട്. 30.09.2025 പ്രകാരമുള്ള ബാധ്യത കണക്ക് താഴെപ്പറയുന്നു.<br><table><tr><td>മുതൽ</td><td>1,63,384</td></tr><tr><td>പലിശ</td><td>3,66,149</td></tr><tr><td>പിഴപ്പലിശ</td><td>5,33,739</td></tr><tr><td>സ്റ്റേഷനറി ചാർജ്ജ്</td><td>1,000</td></tr><tr><td></td><td>10,64,272</td></tr><tr><td>സർവ്വീസ് ചാർജ്ജ് @7.5%</td><td>79,820</td></tr><tr><td>ആകെ ബാധ്യത</td><td>11,44,092</td></tr></table></td></tr>
<tr><td>(സി)</td><td>മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഈ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറി നൽകുന്നതിന് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള</td><td>(സി)</td><td>ബോർഡിനു കിട്ടാനുള്ള കുടിശ്ശിക അടച്ച് തുടർനടപടി സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചാ ത്തിന്റെ 09-06-2017-ലെ യോഗത്തിൽ 14(6) നമ്പർ പ്രകാരം</td></tr>
</table>

| | | | |
|---|---|---|---|
| | നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ആയതിന് നിയമതടസ്സമുണ്ടോ; | | തീരുമാനമായിട്ടുണ്ട്. ഈ വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതിൻ പ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി ഉൽപ്പാദന കേന്ദ്രം കൂടി നിർമ്മിച്ചു നൽകാനും തീരുമാനിച്ചതായി ഖാദീബോർഡിനെ പഞ്ചായത്ത് അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഖാദീബോർഡ് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.<br><br>11.09.2023 ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്ത് പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിൽ ഖാദി ബോർഡിന് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഖാദി ബോർഡിലെ ബാദ്ധ്യത ഒടുക്കുന്നതിനും ഖാദി ഉൽപാദന കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ചും തീർപ്പായതിനു ശേഷം വസ്തു കൈമാറ്റം നടത്താവുന്ന താണെന്ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ ലിക്വിഡേഷൻ നടപടികളിലൂടെ സംഘം വക ആസ്തികൾ ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് സംഘത്തിൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ലിക്വിഡേഷൻ നടപടികൾ ത്വരിതഗതി യിലാക്കുന്നതിന് 21.08.2025 ലെ കെ1/60/2025/വ്യവ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ആയതൊഴിവാക്കി നിലവിൽ ബാധ്യതയുള്ളതും അവകാശികളില്ലാത്തതും പ്രവർത്തനരഹിതവുമായ സംഘത്തിന്റെ ഭൂമി മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്താണെന്നും വിശദമാക്കാമോ? | (ഡി) | സംഘത്തിന്റെ നിലവിലെ ആസ്തി- ബാധ്യതകൾ തിട്ടപ്പെടുത്തി സംഘം വക ആസ്തികൾ ബോർഡ് ചെയർമാന്റെ പേരിൽ രജിസ്റ്റർ ചെയ്തതിനു ശേഷം പഞ്ചായത്ത് കുടിശ്ശിക തുക അടയ്ക്കുകയും മേൽ പ്രതിപാദിച്ച വാഗ്ദാനങ്ങൾ പാലിക്കുകയും ചെയ്താൽ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണ ത്തിനായി വിട്ടുനൽകുന്ന കാര്യം ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ